"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി(CII) കേരള,- കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് (KATS) 2025(Feb 6) -ഗിഫ്റ്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.78/2025/TSM തീയതി,തിരുവനന്തപുരം, 13-02-2025

---

പരാമർശം:- 1. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII), ചെയർമാൻ സമർപ്പിച്ച 22.01.2025 തിയതിയിലെ അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 04.02.2025 തീയതിയിലെ DOT/361//2025-M1 നം കത്ത്.

**ഉത്തരവ്**

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII), സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പുമായി സഹകരിച്ച്, കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് (KATS) 2025 ന്റെ ആദ്യ പതിപ്പ് 2025 ഫെബ്രുവരി 6 ന് തിരുവനന്തപുരത്തെ ഹയാത്ത് റീജൻസിയിൽ സംഘടിപ്പിക്കുന്നു എന്നും ആയതിലേക്ക് വിനോദസഞ്ചാര വകുപ്പിൽ നിന്നും ധനസഹായമായി 3,00,000/-രൂപയോ അല്ലെങ്കിൽ സമ്മിറ്റിൽ പങ്കെടുക്കുന്ന സ്പീക്കർമാർക്കും പ്രതിനിധികൾക്കും വിതരണം ചെയ്യുന്നതിന് തത്തുല്യമായ തുകയിലുള്ള ഗിഫ്റ്റോ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഓട്ടോമോട്ടീവ് സാങ്കേതികവിദ്യയുടെ ആഗോള ഹബ്ബായി തിരുവനന്തപുരത്തെ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ഫെബ്രുവരി 6-നു സംഘടിപ്പിക്കുന്ന കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റ് (KATS) 2025 ന്റെ ആദ്യ പതിപ്പിന് **3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും ₹2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപയിൽ നിജപ്പെടുത്തി ഗിഫ്റ്റ് അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ചെയർമാൻ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (CII),
(വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള,
തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ
പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 13-02-2025 12:36:50
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്